# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 22

# വാർത്താക്കുറിപ്പ്

---

**വാക്ക് - ഇൻ ഇൻറർവ്യൂ 26 ന്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് ആൻ്റ് റോബോട്ടിക്സ് പഠന വകുപ്പിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യൂ നവമ്പർ 26 ന് രാവിലെ 10.30 ന് സർവ്വകലാശാല അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിലെ 21 ) 0 നമ്പർ മുറിയിൽ നടക്കും. ഓ.സി. വിഭാഗത്തിൽ രണ്ടും ഒ. ബി.സി വിഭാഗത്തിൽ ഒരു ഒഴിവുമാണുള്ളത്. യു ജി സി മാനദണ്ഡങ്ങൾക്ക് വിധേയമായി
കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്, ആർട്ടിഫിഷ്യൽ എഞ്ചിനിയറിംഗ്, ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ്, ഐ.റ്റി. എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര - ബിരുദമുള്ളവരെ പരിഗണിക്കും. ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് / ഡാറ്റാ സയൻസ്/ റോബോട്ടിക്സ് എന്നിവയിലേതെങ്കിലുമുള്ള വൈദഗ്ധ്യം അഭികാമ്യം.
താത്പര്യമുള്ളവർ വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ജാതി / നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധിക യോഗ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയുടെ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും പകർപ്പും ഹാജരാക്കണം.
കോവിഡ് - 19 പ്രോട്ടോക്കോൾ പാലിച്ചായിരിക്കും ഇൻ്റർവ്യൂ നടക്കുക.

(പി.ആർ.ഒ/39/1377/2021)

**പട്ടിക വിഭാഗം ഗവേഷകർക്ക് ധനസഹായം**

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിൽ ഗവേഷണം നടത്തി വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗവേഷകർക്ക് തങ്ങളുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനായി ഇന്ത്യയിൽ എവിടെയും പോകുന്നതിനുള്ള യാത്രയ്ക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമുള്ള തുക ധനസഹായമായി നൽകാൻ സർവ്വകലാശല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഗവേഷക ഫെല്ലോഷിപ്പുകളുടെ എണ്ണം 100 ൽ നിന്ന് 150 ആയി ഉയർത്താനും തീരുമാനമായി. പുതുതായി യു ജി സി അനുമതി ലഭിച്ച ഓൺ - ലൈൻ കോഴ്സുകൾ 2022, ജനുവരിയിൽത്തന്നെ ആരംഭിക്കും. ഇതു സംബന്ധിച്ച തയ്യാറെടുപ്പുകളുടെ മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേക സമിതിക്കും യോഗം രൂപംനകി.

മൂല്യനിർണയം സംബന്ധിച്ച് വ്യാപകമായി പരാതികൾ ഉയരുന്ന പക്ഷം പ്രസ്തുത ഉത്തരക്കടലാസുകളുടെ പുനർ മൂല്യ നിർണയം സമയബന്ധിതമായി നടത്താനും അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും സിൻഡിക്കേറ്റ് നിർദ്ദേശം നൽകി.

സർവ്വകലാശാലയിൽ നിന്നുള്ള സേവനങ്ങൾ വിദ്യാർത്ഥികളും ഗവേഷകരും ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് കാര്യക്ഷമമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കും. പരീക്ഷാ നടത്തിപ്പ്, ഭരണപരമായ കാര്യങ്ങൾ തുടങ്ങിയ സേവനങ്ങളുടെ കാര്യത്തിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിനും അവയുടെ നടത്തിപ്പിൽ ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിനും പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാറിൻ്റെ നേതൃത്വത്തിൽ രണ്ട് സിൻഡിക്കേറ്റ് ഉപസമിതികൾക്കും യോഗം രൂപം നൽകി.

(പി.ആർ.ഒ/39/1378/2021)

**പരീക്ഷാ ഫലം**

2020 നവമ്പറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി - ബയോ സ്റ്റാറ്റിസ്റ്റിക്സ് (റഗുലർ, സപ്ലിമെൻ്ററി, ഇംപ്രൂവ്മെൻ്റ് ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ. പുനർമൂല്യ നിർണയത്തിനും

സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ മൂന്ന് വരെ സ്വീകരിക്കും. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1379/2021)

2021 സെപ്തംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി - എൻവയൺമെൻറൽ സയൻസസ് ആൻ്റ് മാനേജ്മെൻ്റ് (റഗുലർ),എം. എസ് സി സിഎൻവയൺമെൻറൽ സയൻസ് ആൻ്റ് ഡിസാസ്റ്റർ മാനേജ്മെൻ്റ് (റഗുലർ) മൂന്നാം സെമസ്റ്റർ എൻവയൺമെൻറൽ സയൻസ് ആൻ്റ് ഡിസാസ്റ്റർ മാനേജ്മെൻ്റ് ( സപ്ലിമെൻ്ററി) ( എൻവയൺമെൻറൽ ആൻ്റ് അറ്റമോസ്ഫെറിക് സയൻസസ് ഫാക്കൽറ്റി - സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു

(പി.ആർ.ഒ/39/1380/2021)

2021 ജനുവരിയിൽ നടന്ന എം.എസ്‌സി - ബയോ കെമിസ്ട്രി (സി.എസ്.എസ്.) മൂന്നാം സെമസ്റ്റർ (റഗുലർ, സപ്ലിമെൻ്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ ആറ് വരെ സ്വീകരിക്കും. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1381/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആൻ്റ് ട്രാവൽ മാനേജ്മെൻറ് (2019 അഡ്മിഷൻ - റഗുലർ, 2015, 2016, 2017, 2018 അഡ്മിഷൻ -സപ്ലിമെൻ്ററി, 2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ ആറ് വരെ സ്വീകരിക്കും. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1382/2021)

2021 ഫെബ്രുവരിയിൽ നടന്ന മൂന്നാം വർഷ ബി.എസ് സി നഴ്സിംഗ് - 2012 - 2015 അഡ്മിഷൻ (സപ്ലിമെൻ്ററി), 2007 - 2009- അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ നവംബർ 30 വരെ പരീക്ഷാ കൺട്രോളുടെ ഓഫീസിൽ സ്വീകരിക്കും. അപേക്ഷാ ഫോറം സർവ്വകലാശാല പരീക്ഷാ സ്റ്റോറിൽ ലഭിക്കും. അപേക്ഷയോടൊപ്പം ഹാൾ ടിക്കറ്റിൻ്റെ/ മാർക്ക് ലിസ്റ്റിൻ്റെ കോപ്പി ഉണ്ടായിരിക്കണം. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1383/2021)

**പുതുക്കിയ പരീക്ഷാ തീയതി**

നവമ്പർ 15, 16 തീയതികളിൽ നടത്താനിരുന്ന ഒന്നു മുതൽ നാലാം വർഷം വരെയുള്ള ബി.ഫാം ( 2016 ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷകൾ യഥാക്രമം നവമ്പർ 24, 26 തീയതികളിലും മൂന്നാം സെമസ്റ്റർ എം.ബി.എ (2019 അഡ്മിഷൻ - റഗുലർ) പരീക്ഷകൾ യഥാക്രമം ഡിസംബർ 13, 15 തീയതികളിലും നടക്കും. നവമ്പർ 16 ന് നടത്താനിരുന്ന സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൻ്റെ ഒമ്പതാം സെമസ്റ്റർ പഞ്ച - വർഷ ബി.ബി.എ.- എൽ.എൽ.ബി (ഓണേഴ്സ്) - 2016 അഡ്മിഷൻ - റഗുലർ പരീക്ഷകൾ ഡിസംബർ ഒൻപതിന് നടക്കും.

(പി.ആർ.ഒ/39/1384/2021)

**സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ 2021 ബാച്ചിൽ എം.ടെക്, നാനോ സയൻസസ് ആൻ്റ് ടെക്നോളജി കോഴ്സിൽ ജനറൽ, ഈഴവ, ധീവര, എച്ച്.ഒ.ബി.സി., എൽ.സി എന്നീ വിഭാഗങ്ങളിലും എം.എസ് സി നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജിയിൽ (ഫിസിക്സ്) ഇ.ഡബ്ല്യു എസ് വിഭാഗത്തിലും എം.എസ് സി നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജിയിൽ (കെമിസ്ട്രി) ജനറൽ, ഈഴവ, മുസ്ലിം വിഭാഗങ്ങളിലും

സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുമായി നവമ്പർ 24 ന് ഉച്ചയ്ക്ക് 12ന് സർവ്വകലാശാല അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിലെ റൂം നമ്പർ 21 ൽ നേരിട്ട് ഹാജരാകണം. സംവരണ വിഭാഗത്തിലുള്ളവർ നിശ്ചിത സമയത്ത് ഹാജരാകാത്ത പക്ഷം പ്രസ്തുത സീറ്റുകളിലെയ്ക്ക് നവമ്പർ 30 ന് നടക്കുന്ന ഇൻറർവ്യൂവിൽ ജനറൽ വിഭാഗത്തിൽ നിന്നുള്ളവരെ പരിഗണിക്കും. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിലും 9447452706 എന്ന ഫോൺ നമ്പറിലും ലഭിക്കും.

(പി.ആർ.ഒ/39/1385/2021)

**സെമിനാർ നാളെ (നവമ്പർ 24) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് മാനേജ്മെൻ്റ് ആൻ്റ് ബിസ്നസ് സ്റ്റഡീസിൽ സംഘടിപ്പിക്കുന്ന 'നിർമ്മിത ബുദ്ധിയും റോബോട്ടിക്സും ബിസിനസ്സ് സംരംഭങ്ങളിൽ - സുസ്ഥിര വളർച്ചയും ലാഭ സാധ്യതകളും' എന്ന വിഷയത്തെ അധികരിച്ചുള്ള ദ്വിദിന സെമിനാർ നാളെ ( നവമ്പർ 24 ) രാവിലെ ഒൻപതിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. ഐ.സി.എസ്.എസ്.ആർ.ൻ്റ സഹകരണത്തോടെ സംഘടിപ്പിച്ചിട്ടുള്ള പരിപാടി 25 ന് സമാപിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9447997279, 7907464934 - ( ഡോ..എം.മധു ലാൽ - കൺവീനർ)

(പി.ആർ.ഒ/39/1386/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ